പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2222 — 08.03.2017-ൽ മറുപടിയ്ക്ക്

## പുന്നപ്ര സഹകരണ കോളേജും ആശുപത്രിയും

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എ.എം. ആരിഫ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | പുന്നപ്ര സഹകരണ കോളേജിനും ആശുപത്രിക്കും ഒരു പോലെ ഗുണകരമായിരുന്ന ക്യാന്റീൻ ദീർഘനാളായി പ്രവർത്തനരഹിതമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ത്രിവേണിയുടെ വക ഫർണിചർ അതിൽ നിന്നും ഒഴിവാക്കുകയോ തുടർന്നു നടത്തുന്നവർക്ക് കൈമാറുകയോ ചെയ്യാത്തതാണ് നിലവിലെ പ്രതിസന്ധിക്ക് കാരണമെന്നത് പരിശോധിച്ചിട്ടുണ്ടോ; | (ബി) | ത്രിവേണി വക ഫർണിച്ചർ, ലീസിന് കോളേജ് ഓഫ് എഞ്ചിനീയറിംഗ് & മാനേജ്മെന്റ്, പുന്നപ്ര ഏറ്റെടുത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്ഥാപനം ഏറ്റെടുത്ത് നടത്തുവാൻ ഏതെങ്കിലും സഹകരണ സ്ഥാപനം മുന്നോട്ട് വന്നിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടിയാണ് ഇതുവരെ കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | സഹകരണ സ്ഥാപനങ്ങളൊന്നും തന്നെ ടി സ്ഥാപനം ഏറ്റെടുത്ത് നടത്തുവാൻ മുന്നോട്ട് വന്നിട്ടില്ല. എന്നാൽ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ക്വട്ടേഷൻ വിളിച്ച് ക്യാന്റീൻ പ്രവർത്തനം ഒരു സ്വകാര്യ വ്യക്തിയെ ഏൽപ്പിക്കുകയും അതിന്റെ പ്രവർത്തനം 27.02.2017 മുതൽ പുനഃരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ